# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6015** **7/7/2014** ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലയിടിവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജെയിംസ് മാത്യു | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബറിന്റെ വിലയിടിവ് തടയാൻ ഇറക്കുമതിചുങ്കം ഉയർത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗൺമെന്റിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ; | (എ) | റബ്ബറിന്റെ ഇറക്കുമതി ചുങ്കം കുറച്ചത് കാരണം റബ്ബറിനുണ്ടായ വിലയിടിവ് നേരിടുവാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് പല പ്രാവശ്യമായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതിയ്ക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുനഃസ്ഥാപിക്കുക, സ്വാഭാവിക റബ്ബറിന്റെ എല്ലാ ഗ്രേഡിലുമുള്ള ഇറക്കുമതി തീരുവ ഇപ്പോൾ റബ്ബർ ലാറ്റക്സ് തീരുവയുടെ 70 ശതമാനത്തിനോടൊപ്പമാക്കി നിജപ്പെടുത്തുക, സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഇതിന് കയറ്റുമതി സബ്സിഡി ഏർപ്പെടുത്തുക എന്നീ കാര്യങ്ങൾ നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കമ്പനികൾക്ക് ആവശ്യമുള്ള റബ്ബറിന്റെ എത്ര ശതമാനം വരെ ഇറക്കുമതി ചെയ്യാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | (ബി)<br>&<br>(സി) | 2001 ഏപ്രിൽ മാസം 1-ാം തീയതി മുതൽ റബ്ബറിന്റെ ഇറക്കുമതിക്കുമേലുള്ള നിയന്ത്രണം ഒഴിവാക്കിയിട്ടുണ്ട്. അത് പ്രകാരം സ്വാഭാവിക റബ്ബർ ഡ്യൂട്ടി ഫ്രീ ചാനൽ മുഖേന ഇറക്കുമതി ചെയ്യാവുന്നതാണ്. Advance Licensing Scheme (ALS) ഉം Duty Free Import Authorisation Scheme പ്രകാരവും റബ്ബർ ഉല്പന്നങ്ങളുടെ കയറ്റുമതിക്കെതിരെ, സ്വാഭാവിക റബ്ബർ ഇറക്കുമതി, ഡ്യൂട്ടി ഫ്രീ ചാനൽ മുഖേന ചെയ്യാവുന്നതാണ്. |
| (സി) | വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ കൂടുതൽ റബ്ബർ കമ്പനി കൾ ഇറക്കുമതി ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോയെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**